**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1058** **27-07-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് കുടിവെള്ളപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട് കുടിവെള്ളപദ്ധതിയുടെ പൂർത്തീകരണം എന്ന് സാധിക്കുമെന്നാണ് കരുതുന്നത് ; ഇതിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ ; | (എ) | കുട്ടനാട്ടിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതിയ്ക്ക് 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 28.12.2013- ൽ 70 കോടി രൂപയുടെ ഭരണാനുമതി നൽകി. പ്രസ്തുത പദ്ധതിയിൻ കീഴിൽ നീരേറ്റുപുറം ജലശുദ്ധീകരണ ശാലയിൽ നിന്നും മാമ്പുഴക്കരി വരെയുള്ള 800 എം.എം എച്ച്.ഡി.പി.ഇ പൈപ്പ് ലൈൻ കമ്മീഷൻ ചെയ്ത് നിലവിൽ രാമങ്കരി, പുളിങ്കുന്ന് പഞ്ചായത്തുകളിലേക്ക് ശുദ്ധജലം പമ്പ് ചെയ്യുന്നുണ്ട്. പള്ളിക്കുട്ടുമ്മ മുതൽ കാവാലം വരെയും 315, 225 എം.എം പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. 500, 200 എം.എം എച്ച്.ഡി.പി.ഇ ലൈൻ കിടങ്ങറയിൽ നിന്നും നീലംപേരൂർ വരെയും എടത്വായിൽ നിന്നു 355, 200 എം.എം വീയപുരം വരെയും സ്ഥാപിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും ഭരണാനുമതി നൽകിയ കുട്ടനാട് പ്രോജക്ടിന്റെ ശുദ്ധീകരണ ശാലയും ട്രാൻസ്മിഷൻ ലൈനും പൂർത്തിയായാൽ മാത്രമെ ഈ ലൈനുകളിലേക്ക് പമ്പ് ചെയ്യാൻ ആവശ്യമായ ശുദ്ധജലം ലഭിക്കുകയുള്ളൂ. 4.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണി തകഴിയിൽ നിർമ്മിക്കുകയും, തകഴി 62 എം.എൽ.ഡി ശുദ്ധീകരണശാലയിൽ പമ്പ് ഹൗസ് നിർമ്മിച്ച് പമ്പ് സെറ്റുകൾ സ്ഥാപിച്ച് നിലവിൽ തകഴിയിലുള്ള വിതരണശൃംഖലയുമായി ഘടിപ്പിക്കുകയും ചെയ്തു. ആറു പഞ്ചായത്തുകളിലായി വിതരണശൃംഖലയിൽ 46 കി.മി പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതിൽ 36 കി.മി സ്ഥാപിക്കുകയും, സ്ഥാപിച്ച ലൈനുകളുടെ ട്രയൽ റണ്ണിങ്ങും കമ്മീഷണിംഗ് പ്രവർത്തികളും നടന്നുവരുകയും ചെയ്യുന്നു. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിലും, തകഴി റയിൽവേ ക്രോസ്സിംഗ് ആവശ്യമുള്ളിടത്തും ജോയിന്റ് ഇൻസ്പെക്ഷൻ പൂർത്തിയാക്കി അനുമതി ലഭിക്കുന്ന മുറയ്ക്ക് പൈപ്പ് ലൈനുകൾ സ്ഥാപിച്ച് കമ്മീഷണിംഗ് |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കാവുന്നതാണ്. കൂടാതെ കുട്ടനാട്ടിലെ ശുദ്ധജലക്ഷാമത്തിന് ശാശ്വത പരിഹാരമായി കുട്ടനാട് താലൂക്കിൽപ്പെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്കു വേണ്ടി കിഫ്ബി ധനസഹായത്തോടു കൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 25/06/2019- ൽ 289.54 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പമ്പാ നദി സ്രോതസ്സ് ആയുള്ള ഈ പദ്ധതിയ്ക്ക് നീരേറ്റുപുറത്ത് 30 ദശലക്ഷം പ്രതിദിന ഉത്പാദനക്ഷമതയുള്ള ജലശുദ്ധീകരണ ശാലയും 13 ഉന്നതതല ജല സംഭരണികളും 46.02 കിലോ മീറ്റർ ട്രാൻസ്മിഷൻ മെയിനും, 895 കിലോ മീറ്റർ വിതരണ ശൃംഖലയുമാണ് ഘടകങ്ങളായുള്ളത്. ഇതിൽ ജലശുദ്ധീകരണ ശാലയുടെ നിർമ്മാണത്തിനായി തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് 125 സെൻറ് സ്ഥലവും, ഉന്നതതല ജലസംഭരണികളുടെ നിർമ്മാണത്തിനായി വെളിയനാട് പഞ്ചായത്തിൽ 20 സെന്റ് സ്ഥലവും, പുളിങ്കുന്ന് പഞ്ചായത്തിൽ 20 സെന്റ് സ്ഥലവും 2021 ഡിസംബർ മാസത്തോടെ ലഭ്യമാകും എന്ന് പ്രതീക്ഷിക്കുന്നു. ആയത് ലഭ്യമായാൽ 2023 ഡിസംബർ മാസത്തോടെ പണികൾ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാവുന്നതാണെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഇതിനായി കഴിഞ്ഞ അഞ്ചു വർഷം എത്ര തുകയാണ് മാറ്റിവച്ചിരുന്നത്; അതിൽ എത്ര തുക ചിലവഴിച്ചു എന്ന് വ്യക്തമാക്കാമോ ? | (ബി) | 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 28.12.2013- ൽ ഭരണാനുമതി നൽകിയ 70 കോടി രൂപയിൽ നാളിതുവരെ 56.83 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കുട്ടനാട് കുടിവെള്ള പദ്ധതിക്ക് കിഫ്ബി മുഖേന ഭരണാനുമതി നൽകിയ 289.54 കോടി രൂപയിൽ 81,250 രൂപ സ്ഥലം ഏറ്റെടുക്കുന്നതിനായി ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ